# കണ്ണൂർ സർവ്വകലാശാല

## പരീക്ഷാ വിഭാഗം

www.kannuruniversity.ac.in

No. EG.I..2/PR/2022 കെ.യു.എച്ച് .കണ്ണൂർ ,തീയ്യതി26.04.2022

## പ്രസിദ്ധീകരണത്തിന്

**മെഡിക്കൽ സർട്ടിഫികറ്റ് ഹാജരാക്കണം**

സർവകലാശാല പരീക്ഷ എഴുതുന്നതിന സ്ക്രൈബിന്റെ സേവനം/ അധിക സമയം എന്നിവ അനുവദിക്കുന്നതിനായി യു.ജി.സി നിയമം അനുശാസിക്കുന്ന നിശ്ചിത വിഭാഗത്തിൽപ്പെട്ടവരൊഴികെ മറ്റ് ബെഞ്ച് മാർക്ക് (40%)അംഗപരിമിതിയുള്ള എല്ലാ വിദ്യാർത്ഥികളും ചീഫ് മെഡിക്കൽ ഓഫീസർ/ചീഫ് മെഡിക്കൽ സൂപ്രണ്ട്/സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് (appendix III) സാക്ഷ്യപ്പെടുത്തലോടെയുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പിനൊപ്പം നിർബന്ധമായും ഹാജരാക്കണം. പ്രിൻസിപ്പൽമാർ/സ്ഥാപന മേധാവികൾ അപേക്ഷ സമർപ്പിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഇന്റേർണൽ മാർക്ക്**

മൂന്നാം സെമെസ്റ്റർ ബിരുദ പ്രോഗ്രാമുകളുടെ(നവംബർ2021)ഇന്റേർണൽ മാർക്ക് സമർപ്പിക്കാനുള്ള സമയം 2022 ഏപ്രിൽ30ന് 5മണി വരെ ദീർഘിപ്പിച്ചു.

**സർവ്വകലാശാല പരീക്ഷ**

സർവ്വകലാശാല പഠന വകുപ്പുകളിലെ മൂന്നാം സെമെസ്റ്റർ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ(നവംബർ2021) പരീക്ഷകൾ മെയ് 10ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

**അധ്യാപകർ രജിസ്ട്രേഷൻ നടപടിപൂർത്തിയാക്കണം**

കണ്ണൂർ സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്ത ഗവഃ / എയ്ഡഡ് / അൺ എയ്ഡഡ് കോളേജുകളിലെയും പഠനവകുപ്പുകളിലെയും/ സെന്ററുകളിലെയും മുഴുവൻ സ്ഥിരം /താൽക്കാലിക അധ്യാപകരും സർവകലാശാലാ പരീക്ഷാ വിഭാഗം പോർട്ടലിൽ നിന്ന് ടീച്ചർ ഇൻഡക്സ് ലിങ്ക് ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ ടീച്ചർ ഇൻഡെക്സ്-ൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള അധ്യാപകർ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. ടീച്ചർ ഇൻഡക്സ് ലിങ്ക് 27.04.2022 മുതൽ10.05.2022 വരെ പോർട്ടലിൽ ലഭ്യമായിരിക്കും.ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ അടങ്ങിയ സർക്കുലർ കോളേജ്/ പഠന വകുപ്പ് /സെന്ററുകൾ -ലേക്ക്

അയച്ചിട്ടുണ്ട്. അധ്യാപകർ അതാത് ഓഫീസുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ/അപ്ഡേഷൻ നടപടികൾ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

(ഒപ്പ്)
അസിസ്റ്റന്റ് രജിസ്ട്രാർ I
പരീക്ഷാ വിഭാഗം